HLM-0040

The Heavenly Light Ministry

വാഴും ഞാനെൻ രക്ഷിതാവിൻ കൂടെയെപ്പോഴും
തൻ കൃപയിലാശ്രയിക്കും എല്ലാ നാളും ഞാൻ
പാടും എന്നും ഞാൻ എന്റെ പ്രീയനെ... വാഴും
എന്റെ പ്രിയൻ വാനിൽ നിന്നെഴുന്നള്ളീടുന്ന
മാറ്റൊലി ഞാൻ കേട്ടിടുന്നു നാട്ടിലെങ്ങുമേ
ക്ഷാമം, ഭൂകമ്പം, അതിനാരംഭം... വാഴും
ക്ഷാമത്താലീക്ഷോണി എങ്ങും ക്ഷീണമാകുമ്പോൾ
എനിക്കെത്തിടാത്ത നിക്ഷേപമുണ്ടെന്റെ പ്രീയനിൽ
എന്നെ പോറ്റിടും എന്റെ രക്ഷകൻ... വാഴും
ഇന്നലെക്കാളിന്നു ഞാനെൻ പ്രീയൻ നാടിനോ
ടേറ്റം അടുത്തായതെനിക്കെത്രയാനന്ദം
എന്റെ പ്രീയനെ ഒന്നു കാണുവാൻ... വാഴും
ഈ വാരിധിയിൽ വൻ തിരയിൽ തള്ളലേറ്റു ഞാൻ
മുങ്ങിടാതെ പ്രീയനെന്റെ ബോട്ടിലുണ്ടല്ലോ
ഗാനം പാടിയെൻ നാട്ടിലെത്തുമേ... വാഴും
എൻ രക്ഷിതാവെ ! നിൻവരവു കാത്തു കാത്തു ഞാൻ
ഈ ദുഷ്ടലോകെ കഷ്ടതകൾ എത്ര ഏൽക്കണം.
നിന്നെ കാണുമ്പോൾ എൻ ദുഃഖം തീർന്നുപോം... വാഴും